2223

80

# ഒരു വിളിപ്പാടകലെ

"എന്ത്? എന്താണിവിടെ നടക്കുന്നത്? ഇതിൽ നിന്നും ഒരു രക്ഷയുമില്ലേ?" "ആവോ ഒന്നും അറിയില്ല". അച്ഛന്റെയും അമ്മയുടെയും സംഭാഷണം ശ്രദ്ധിക്കുകയായിരുന്നു മാളവിക. ഇത്രയും കാലം വരെ നിസ്സാരമായി മാത്രം കണ്ടിരുന്ന പനി ഇന്ന് അനേകം പേരുടെ ജീവനെടുത്തെന്നോ, അതെ അതാണ് സത്യം. അവൾ തന്നോടു തന്നെ പിറുപിറുത്തുകൊണ്ട് പഠനമുറിയിലേക്ക് കയറി. നീല പുറംചട്ടയുള്ള പുസ്തകം തുറന്ന് അവൾ വീണ്ടും ആകുലയായി. അക്ഷരങ്ങളെ മനഃപൂർവ്വം വിടുവിച്ച് അവൾ തന്നോടു തന്നെ സംസാരിക്കാൻ തുടങ്ങി. ഭയം നിറഞ്ഞ മുഖഭാവത്തോടെ അവൾ ചിന്തിച്ചു 'ഇനി അച്ഛൻ പറഞ്ഞപോലെ ഇതിൽ നിന്നും ഒരു രക്ഷയുമില്ലേ. അയൽപക്കത്തെ രാധേച്ചിക്ക് പനികൂടി രണ്ടിസം മുമ്പാണ് ആശുപത്രിയിൽ കൊണ്ട് പോയത്, വല്യ കുഴപ്പമൊന്നും ഇല്ലായിരുന്നല്ലോ, മുഖത്ത് അൽപം ക്ഷീണം തോന്നിക്കും അല്ലാതെ മറ്റൊന്നും താൻ കണ്ടില്ലാർന്നല്ലോ. ഇന്നിതാ പറയുന്നു രാധേച്ചി ഇനി വരില്ലെന്ന്, അതെങ്ങനെ സംഭവിക്കും, രാധേച്ചിടെ അമ്മയും, ചേട്ടനുമെല്ലാം ഇവിടല്ലേ ~~ഉണ്ട്~~ പിന്നെ രാധേച്ചിക്ക് എങ്ങനെ വരാതിരിക്കാനാവും.

വടക്കേതിലെ രാഘവൻ മാമൻ അച്ഛനോട് പറയുന്നത് അടുക്കളവരാന്തയിൽ നിന്ന് കേട്ടതാണ് വിശ്വസിക്കേണ്ട ആവശ്യമില്ല, ഈ രാഘവ മാമൻ പണ്ടെ ഇങ്ങനാണ് കുട്ടിക്കാലത്ത് അമ്പിളിമാമൻ

തന്റെ തൊടിയിലെ കുളത്തിൽ
വിരുന്ന് വരുമെന്ന് പറഞ്ഞ്
തന്നെ കബളിപ്പിച്ച കാര്യം മാളവിക ഓർത്തു.

പെട്ടന്നുള്ള ശബ്ദം കേട്ട് മാളവിക ഞെട്ടി തിരിഞ്ഞ് നോക്കിയപ്പോൾ അമ്മ മുറിയിലേക്ക് കയറിവരുന്നു കയ്യിലൊരു പാത്രവുമുണ്ട്. താനൊന്നും അറിയാത്ത ഭാവത്തിൽ അവളിരുന്നു. "മാളൂ, നീ പഠിക്കുക തന്നെയാണോ?, പുസ്തകത്തിലൂടെ ഉറുമ്പുകൾ നടക്കണുണ്ടല്ലോ". "അമ്മേ, ഞാൻ പഠിക്കുവാ, ഇതെന്താ കയ്യിൽ. അതിങ്ങ് തന്നെ, ഞാൻ നോക്കിക്കൊള്ളാം". അമ്മയുടെ കയ്യിൽ നിന്നും പാത്രം തട്ടി വാങ്ങിയിട്ട് ഊന്നിൽ നിന്നും വേർപെട്ട് അത്തപ്പായി കിടക്കണെ ചേക്ക തുണ്ടുകളെടുത്ത് വായിലിട്ട് പുസ്തക-ത്തിലേക്ക് നോക്കിയിരുന്നു. "മാളൂ, നാളെ നീയ് ഉസ്കൂളിൽ പോവണ്ടാന്ന് വയ്ക്ക് കുട്ടി. ഇനിയിപ്പം ഇതൊന്നറിഞ്ഞിട്ട് മതി ബാക്കി പഠിത്തമൊക്കെ" മുഖഭാവത്തിൽ നിഷേധച്ചുവയോടെ നോക്കിയെങ്കിലും അത്ഭുതം മനസ്സിലൊഴിവാങ്ങും അമ്മ പറഞ്ഞു: "അച്ഛന്റെ തീരുമാനമാണ്"." നീണ്ട മൗനത്തിന് ശേഷം അമ്മ ശൂന്യമായ പാത്രവുമെടുത്ത് താഴേക്ക് പോയി. അവളും കിടപ്പ്മുറിയിൽ കയറി കതകടച്ചു.

രാത്രിയുടെ നിശ്ശബ്ദതയിൽ കാതോർത്ത് വളരെ കുറച്ച് ദിനങ്ങളായി ഇവിടെ എന്താണ് നടക്കുന്നതെന്ന് ചിന്തിച്ച്, അവളുടെ കണ്ണുകൾ പതിയെ അടഞ്ഞ് പോയി.

രാവിലെ എന്തൊക്കെയോ
ശബ്ദങ്ങൾ കേട്ടാണ് മാളവിക
എണീറ്റത്. ജനാലതുറന്ന്
താഴേക്ക് നോക്കിയപ്പോൾ വീടുവളപ്പിലെല്ലാം
ആളുകളാണ്, ജനൽപാളി തന്റെ ദൃഷ്ടി
മറയ്ക്കുന്നതിൽ അരിശം തോന്നി. അവൾ
ചാടി എണീറ്റ് അമ്മയോട് കാര്യം തിരക്കി,
"അപ്പുറത്തെ രാധേച്ചി പോയി" എന്ന്
മുഴുവിക്കാതെ പറഞ്ഞ് കരഞ്ഞ് കലങ്ങി
ചുവന്ന കണ്ണുകൾ തുടച്ചുകൊണ്ട് അമ്മ തേങ്ങി.
ഞാൻ സ്തംഭിച്ച് നിൽക്കുകയാണെന്ന് അവൾക്ക്
മനസ്സിലായി, മുത്തുമണികൾ പോലെ
കണ്ണുനീർ ധാരയായ് പൊഴിയുന്ന തന്റെ കണ്ണിൽ
ഇരുട്ട് കയറുന്നതായ് അവൾക്ക് തോന്നി.
അവൾ അമ്മയുടെ കൂടെ അപ്പുറത്തേക്ക് പോയി
രാധേച്ചിടെ അമ്മ കട്ടിലിൽ മോഹാലസ്യപെട്ട്
കിടക്കുന്നു ചുറ്റും കുറച്ച് പേരുണ്ട്, അച്ഛൻ
അകത്തെ മുറിക്കുള്ളിൽ ഇരിക്കുന്നു ചേട്ടൻ
അച്ഛന്റെ മടിയിൽ തലവച്ച് തേങ്ങുന്നു.
ഇതും കാണാൻ ശക്തി തനിക്കില്ല എന്ന്
മനസ്സിലാക്കുന്നതിന് മുൻപ് തന്നെ വീടിന്റെ
മുറ്റത്ത് നീല ടാർപ്പായ് വലിച്ച് കെട്ടിയ
ഷെഡ്ഡിന്നു താഴെ തയാറാക്കിവച്ചിരുന്ന ഒരു
ഇരിപ്പിടത്തിൽ താൻ ഇരിപ്പുറപ്പിച്ചു എന്ന്
മാളവിക മനസ്സിലാക്കി, അപ്പോഴും കവിൾ
തടങ്ങളിൽ ഇടമുറിയാതെ എന്തോ ഒഴുകിക്കൊ-
ണ്ടിരുന്നു. ചുറ്റുംകൂടിനിന്നവർ എന്തൊക്കെയോ
പറയുന്നുണ്ട്, "പനിയാണ്..., വയ്യാൽ ..., എത്ര-
പെട്ടന്നായിരുന്നു..., സൂക്ഷിക്കണം...' അവ്യക്ത
മായ

വ്യക്തമായ കുറച്ച് വാക്കുകളല്ലാതെ
അവ എന്താണെന്നോ, എന്തിനെക്കുറിച്ചാണെന്നോ
മാളവികയ്ക്ക് തിരിച്ചറിയാൻ
സാധിച്ചില്ല. "ഇല്ല, കൊണ്ടുവരില്ല, പൊതുസ്മശാനത്തി
ലേക്ക് കൊണ്ട് പോകാനാവില്ല", മാളവിക ആ വാക്കുകളോട്
കാതോർത്തു. "മൃതദേഹം വിട്ട് കിട്ടില്ല, സംസ്കാര
മൊക്കെ എങ്ങനെയെന്ന് വ്യക്തമല്ല എന്നാലും
കാര്യങ്ങൾ അവരെ പറഞ്ഞ് ബോധ്യപ്പെടുത്താൻ
നമ്മൾ തന്നെ വേണം.

OFFICE OF THE DEPUTY DIRECTOR (EDUCATION)
PATHANAMTHITTA AT THIRUVALLA

ആ ദിനം, കറുത്ത നിഴൽ വീണ
സായാഹ്നത്തിലൂടെ അങ്ങനെ കടന്ന് പോയി.
പതിവില്ലാതെ അച്ഛൻ ടിവി ഓൺ ചെയ്യുന്നത്
കണ്ടിട്ടാണ് അമ്മ അടുക്കളയിൽ നിന്നും
ഓടി വന്നത്. കരഞ്ഞ് വീർത്ത മുഖവുമായി
മാളവികയും ചെന്നു. ടി.വിയുടെ ശബ്ദം
നിയന്ത്രിച്ച് എല്ലാവരും കാതോർത്തു.
"മുന്നറിയിപ്പ്! നിപാ വൈറസ് മൂലം സംസ്ഥാനത്ത്
ഇത് വരെ 17 മരണം. പഴംതീനി വവ്വാലുകളാണ്
രോഗം പകർത്തുന്നതെന്നാണ് റിപ്പോർട്ട്.
രോഗകാരികളായ വൈറസ് ശ്വാസകോശത്തെ-
യാണ് പ്രധാനമായും ബാധിക്കുന്നത്; വായു,
ജലം, വവ്വാലുകൾ കടിച്ചതിന്റെ ബാക്കി പഴങ്ങൾ
കഴിക്കുന്നത് വഴിയും രോഗം പിടിപെടാൻ
സാധ്യതയുണ്ട്." കൃത്രിമമായി ചുവപ്പിച്ച
ചുണ്ടുകൾ കൊണ്ട് അവതാരക പറയുന്നതെല്ലാം
മാളവികയ്ക്ക് ഉൾക്കൊള്ളാൻ ആവുന്നില്ലായിരുന്നു.
പേടിച്ചരണ്ട മുഖവുമായി അമ്മ പറഞ്ഞു:

OFFICE OF THE DEPUTY DIRECTOR(EDUCATION)
PATHANAMTHITTA AT THIRUVALLA

മുക്ക് മറ്റെവിടേക്കെങ്കിലും
തൽക്കാലം മാറി താമസിക്കാം, എനിക്കു
പേടിയാവുന്നു കേട്ടിട്ട് തന്നെ".
കർക്കശമായ സ്വരത്തിൽ അച്ഛന്റെ
മറുപടി വളരെ പെട്ടന്നായിരുന്നു "ഞാനും
അതിനെ കുറിച്ച് ചിന്തിക്കാതിരുന്നില്ല,
എത്രയും വേഗം കുടുംബത്തോട് പോവ്വാം,
തയാറായിക്കൊള്ളൂ. എത്രയും കാലതാമസം
വരുന്നുവോ അത്രയും അപകടമാണ്, വെല്ല്
വേഗമാവട്ടെ". കസേരയിൽ നിന്നും എണീറ്റ
അമ്മ ടി.വിയിലെ വാർത്ത കേട്ട് നടുങ്ങി നിന്നുപോയി
"... ഈ പ്രദേശങ്ങളിൽ നിന്നും ആരും
പോകരുതെന്നും ..., സർക്കാർ കർശനമായി
നിർദ്ദേശിച്ചിരിക്കുന്നു ...". "ഇനിയെന്ത് ചെയ്യും"
മാളവിക പതിഞ്ഞ സ്വരത്തിൽ ചോദിച്ചു.
"തയാറാവ് കൂടി നമുക്ക് പുറപ്പെടാം", അച്ഛൻ
വാത്സല്യത്തോടെ പറഞ്ഞു.

"ആവില്ല എങ്ങോട്ടും പോവ്വാനാവില്ല"
സമീപിച്ച ഓട്ടോക്കാരെല്ലാം ഒരേ സ്വരത്തിൽ
മറുപടി നൽകി. "1500 ആവും, വല്ല്യ റിസ്ക്കാ
എന്നാലും..." അങ്ങനെ ഒരു വിധം
ഒരാൾ സമ്മതിച്ചു. രാത്രി അധികം
ഇരുട്ടുന്നതിന് മുൻപേ തന്നെ കുടുംബം
ഓട്ടോ ചെന്നു. ഈ രാത്രിയിൽ ആരെന്ന
മട്ടിൽ വീടിന് പുറത്തേക്ക് എത്തിവലിഞ്ഞ
വൃദ്ധ ആകാം സന്തോഷം കൊണ്ട് പുഞ്ചിരിച്ചു.
"എന്തേ ഈ അസമയത്ത്." വൃദ്ധൻ

OFFICE OF THE DEPUTY DIRECTOR(EDUCATION)
PATHANAMTHITTA AT THIRUVALLA

ആരോടന്നില്ലാതെ ചുലമ്പി. "മറുപടിയൊന്നും നൽകാതെ മൂവരും രണ്ട് മുറിയിൽ കയറി കതകടച്ചു.

ശരീരത്തിന് വല്ലാത്ത ഭാരം അനുഭവപ്പെടുന്നു, നല്ല തലവേദനയുമുണ്ട്, എന്നാലും മരണത്തിന് മുൻപിൽ നിന്നും രക്ഷപ്പെട്ടു വന്ന ആശ്വാസത്തിൽ അമ്മ മകളെയും കെട്ടിപിടിച്ച് ഉറങ്ങി. ശരീരത്തിന് വല്ലാത്ത ചൂടനുഭവപ്പെട്ടാണ് അമ്മ രാവിലെ ഉണർന്നത്, ഇനി തനിക്കും ... ഈശ്വരാ കാത്തുകൊള്ളണെ. പെട്ടന്ന് തന്നെ റെഡിയായി ആശുപത്രിയിലേക്ക് പോയി. പെട്ടന്ന് തന്നെ ഒരു മുറിക്കുള്ളിൽ തന്നെ കയറി ഡോക്ടർ അപ്രത്യക്ഷമായി. എല്ലാവരുടെയും മുഖത്ത് ഭീതിയുണ്ടായിരുന്നു. തന്നെ പരിചരിക്കാൻ ഇവിടെ രണ്ട് നഴ്സ്മാരെ ഉള്ളൂ, അതായത് തന്നെ കൂടി ഈ വാർഡിലിപ്പം പത്തിരുപത് പേരുണ്ട് അവരെ നോക്കണം.

ഈശ്വരാ! താനിനി എന്ത് ചെയ്യും, എന്റെ മകൾ അവളുടെ എല്ലാ കാര്യത്തിനും താൻ വേണമെല്ലോ; അവളിതെങ്ങനെ താങ്ങും. കുട്ടിടച്ചന്റെ കാര്യവും താനല്ലാതെ വേറാര് നോക്കും.

കാര്യങ്ങൾ അന്വേഷിച്ച് ഇരുവരും ആശുപത്രിക്കരികിലെത്തിയപ്പോഴേക്കും താമസിച്ചിരുന്നു ഇനി കാണാൻ ഇരു വഴിയുമില്ല, അങ്ങോട്ട് സന്ദർശകരെ കടത്തിവിടില്ല. മാളവിക അലമുറയിട്ട് കരഞ്ഞു, ബോധം നഷ്ടപ്പെട്ട് നിലത്തോട്ട് വീണു.

ണ്ണ് തുറക്കുമ്പോൾ
ശരീരത്തെല്ലാം എന്തോ ഘടിപ്പിച്ചിരിക്കുന്നു.
മുഖത്ത് ഓക്സിജൻ മാസ്ക് ഘടിപ്പിച്ചിരിക്കുന്ന-
തിനാൽ സംസാരിക്കാനാവുന്നില്ല, അനങ്ങാനാ-
വുന്നില്ല. 'താനിതെവിടാണ്?', ആരോ
നടന്ന് വരുന്നുണ്ട് അത് ആരായിരിക്കും
രാക്ഷസനാണോ എന്നവൾ പ്രാർത്ഥിച്ചു.
എന്നാൽ അവളെ ശുശ്രൂഷിക്കാൻ വന്ന
ഒരു നഴ്സായിരുന്നു അത്. എന്തോ
സൂചികൊണ്ട് ശരീരത്തിലേക്ക് കുത്തിവച്ചു.
അതിന്റെ തീവ്രതയിൽ മാളവിക മയക്കത്തിലേക്ക്
വഴുതി വീണു.

ഒരാഴ്ച കഴിഞ്ഞിരിക്കണം, ചുറ്റും
എന്താണ് സംഭവിച്ചിട്ടുണ്ടാവുക, അമ്മയ്ക്കെ-
ന്താണുണ്ടാവുക മാളവിക തന്നോട് തന്നെ
ചോദിച്ചു. ഗുളികയുമായി വന്ന നഴ്സിനോട്
അവൾ കാര്യം തിരക്കി "എനിക്കെന്താണുണ്ട്,
ഡോക്ടർ എന്ത് പറഞ്ഞു". "കുട്ടിക്ക് ഒരു
കുഴപ്പവുമില്ല നാളെ വീട്ടിലേക്ക് പൊയ്ക്കൊള്ളാൻ
പറഞ്ഞിട്ടുണ്ട്." അതീവ ഉത്സാഹത്തോടെ
പിറ്റേന്ന് രാവിലെ അവൾ ഉണർന്നു.
ഏകാന്തതയുടെ ഒരു നീണ്ട കാലത്തിന്
ശേഷം താൻ പുറത്ത് കടക്കുകയാണ്.

തന്നെ കാത്ത് അമ്മ അവിടിയിരിക്കുന്നത്
അവൾ കണ്ടു, അമ്മ അവളോട് പറഞ്ഞു
"മാളൂട്ടി, വാ അമ്മ കാത്തിരിക്കുകയായിരുന്നു
ഓടി വാ". അവൾ ഓടിച്ചെന്ന് അമ്മയുടെ

OFFICE OF THE DEPUTY DIRECTOR(EDUCATION) PATHANAMTHITTA AT THIRUVALLA

കയ്യിൽ പിടിച്ച് നടക്കാൻ തുടങ്ങി. മേഘപാളികൾക്കിടയിലേക്ക് ഇരുവരും മറഞ്ഞു.

OFFICE OF THE DEPUTY DIRECTOR (EDUCATION) PATHANAMTHITTA AT THIRUVALLA

അന്ന് വൈകിട്ട് ഇടിവെട്ടി മഴ കനത്ത് പെയ്തു. അപ്പോൾ മാളവികയുടെ വീടുമുറ്റത്ത് ആരൊക്കെ രണ്ട് ദിവസം മുമ്പ് കെട്ടിയിരുന്ന ചെമ്പുപന്തലിൽ ധാരാളം ആളുകൾ വന്ന് പൊയ്ക്കൊണ്ടിരുന്നു. മിക്കവരും മാസ്ക് ധരിച്ചിരുന്നു, എന്നാൽ ഇതൊന്നും ശ്രദ്ധിക്കാതെ ഒരാൾ മുറിക്കുള്ളിൽ മാലയിട്ട രണ്ട് ചിത്രങ്ങളും നോക്കി ഇരുന്ന് പൊട്ടിക്കരയുന്നു.

~~[illegible]~~